15-10-2026

Point of Order

ക്രമപ്രശ്നം

(1) ബില്ലിന്റെ കോപ്പികൾ യഥാസമയം വിതരണം ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. കെ. രാജൻ: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76-ന്റെ ക്ലിപ്ത നിബന്ധന പ്രകാരം " Provided that no such motion as referred to in sub-rule (1) or sub rule (2) of this rule shall be made until after copies of the Bill have been made available for the use of members and that any member may object to any such motion being made unless copies of the Bill have been so made available (three) clear days before the day on which the motion is made and such objection shall prevail unless the Speaker in his discretion allows the motion to be made" എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2026-ലെ സരൾ കേരളം ബിൽ അംഗങ്ങളുടെ വായനയ്ക്കായി നൽകുന്നതിനുമുമ്പ് കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്താനാകില്ലായെന്നത് കാര്യോപദേശക സമിതി യോഗത്തിൽ

പ്രതിപക്ഷം ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ഈ ബിൽ കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. ബില്ലിന്റെ കോപ്പികൾ വിതരണം ചെയ്യുന്നതിനുമുമ്പ് കാര്യോപദേശക സമിതി യോഗത്തിൽ സമയം നിശ്ചയിക്കാമെന്ന് 24-3-1988-ൽ റൂളിങ് നൽകിയിട്ടുണ്ട്. പക്ഷേ, ഈ റൂളിങ് ഓർഡിനൻസിനുപകരമുള്ള ബില്ലുകൾക്ക് മാത്രമാണ് ബാധകമായിട്ടുള്ളത്. 1988-ലെ റൂളിങ്ങിൽ ഇത് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സമയം നിശ്ചയിക്കുന്നതിൽ യാതൊരു അപാകതയുമില്ല. എന്നാൽ ഒരു ഓർഡിനൻസ് റീപ്ലേയ്സ് ചെയ്യുന്നതിനുള്ള ബില്ലിനെ സംബന്ധിച്ച് ഏത് അവസരത്തിലും സമയം നിശ്ചയിക്കാം, ബില്ലിന്റെ സർക്കുലേഷൻ യഥാക്രമം നടത്തണമെന്ന് മാത്രമേയുള്ളൂ. ബില്ലിന്റെ സർക്കുലേഷൻ യഥാക്രമം നടത്തണമെന്ന് കൃത്യമായി പറയുന്നുണ്ട്. ഇത്തരം സംഗതികളിൽ ഓർഡിനൻസ് നേരത്തെതന്നെ പ്രസിദ്ധീകരിച്ചാണ് ഇപ്രകാരം റൂളിങ് നൽകിയിട്ടുള്ളത്. ഇത്തരം സംഗതികളിൽപോലും ബിൽ യഥാസമയം സർക്കുലേറ്റ് ചെയ്യണമെന്ന് പറയുന്നുണ്ട്. 2026-ലെ സരൾ കേരളം ബിൽ അംഗങ്ങളുടെ

Point of Order

വായനയ്ക്കായി നൽകുന്നതിനുമുമ്പ് ബില്ലിന്മേൽ ഭേദഗതി ക്ഷണിച്ചുകൊണ്ട് നിയമസഭാ ബുള്ളറ്റിൻ 14-10-2026-ലെ ഭാഗം II ബുള്ളറ്റ് നമ്പർ 75 പുറപ്പെടുവിക്കുകയുണ്ടായി. നിയമസഭാ വെബ്സൈറ്റിൽപോലും പ്രസിദ്ധീകരിക്കുന്നതിനുമുമ്പാണ് ബില്ലിന്മേൽ ഭേദഗതികൾ ക്ഷണിച്ചുകൊണ്ട് നിയമസഭാ ബുള്ളറ്റിൻ 14-10-2026-ലെ ഭാഗം 2 ബുള്ളറ്റിൻ (75) പുറപ്പെടുവിച്ചിട്ടുള്ളത്. മുൻകാലങ്ങളിൽ ആവശ്യഘട്ടങ്ങളിൽ മൂന്ന് ദിവസത്തെ സമയം നിബന്ധന ഇളവ് ചെയ്തിട്ടുള്ളത് ഒരു നിയമസഭാ സമ്മേളന കാലയളവിൽ എല്ലാ ബില്ലുകൾക്കും ബാധകമാക്കുന്നത് ശരിയായ നടപടിയല്ല. ഇത് നിയമനിർമ്മാണം സംബന്ധിച്ച ചട്ടങ്ങളുടെ പ്രകടമായ ലംഘനമാണ്. കേരള നിയമസഭയുടെ നടപടിയും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76-ന്റെ ക്ലിപ്ത നിബന്ധന ബില്ലിന്റെ അവതരണം എതിർക്കുന്നതിന് ബാധകമല്ലെങ്കിലും ബില്ലുകൾ സംബന്ധിച്ച ഉപക്ഷേപങ്ങളുടെ മറ്റ് ഘടകങ്ങൾക്ക് ബാധകമാണെന്ന് 20-2-1964-ൽ ഈ സഭയിൽതന്നെ റൂളിങ് നൽകിയിട്ടുണ്ട്. “ The rule regarding notice

for three clear days would not apply to the introduction of a Bill it would apply only to the further motion in respect of the Bill." എന്നാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ക്രമപ്രകാരമല്ല എന്ന കാര്യം സഭമുമ്പാകെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. വി. സുമേഷിന് ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

(2) ബില്ലിലെ അപാകതകൾ സംബന്ധിച്ച്

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കാൻ പോകുന്ന 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിൽ നിയമസഭയുടെ ചട്ടപ്രകാരം ഗൗരവമായ ചില ക്രമപ്രശ്നങ്ങളുണ്ട്. പതിനഞ്ചാം കേരള നിയമസഭ 2025 നവംബറിൽ പാസാക്കിയ 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട് (2025-ലെ 15-ാം ആക്ട്), അതുവഴി 1999-ലെ

പ്രധാന ആക്ടിൽ ഇങ്ങനെയൊരു സമിതി നേരത്തെ രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരമൊരു നിയമമുണ്ടെന്നിരിക്കെ ഒരേ വിഷയത്തിൽ ഒരേ ഉദ്യോഗസ്ഥന്മാർ അധ്യക്ഷന്മാരായി രണ്ട് വ്യത്യസ്ത നിയമങ്ങൾ പ്രകാരം രണ്ട് സമാന്തര സ്റ്റാറ്റ്യൂട്ടറി ബോർഡുകളും കമ്മിറ്റികളും ഒരേസമയം പ്രവർത്തിക്കുന്നത് ഭരണപരമായ അരാജകത്വത്തിനും നിയമവൈരുദ്ധ്യത്തിനും കാരണമാകും. നിലവിലുള്ള ഏകജാലക നിയമത്തിന്റെ അപര്യാപ്തത സംബന്ധിച്ചോ സമാന്തരമായി മറ്റൊരു നിയമം കൊണ്ടുവരുന്നത് എന്തിനാണെന്നത് സംബന്ധിച്ചോ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ വ്യക്തമാക്കുന്നില്ല. നിയമസഭാ ചട്ടം 69(1), 70(1) എന്നിവയുടെ അന്ത:സത്തയ്ക്ക് വിരുദ്ധമാണ് ഇക്കാര്യം. കൂടാതെ, ഒരു വിഷയത്തിൽ നിലവിൽ ഒരു നിയമം പ്രാബല്യത്തിലിരിക്കെ, അതേ വിഷയത്തിൽ പുതിയൊരു നിയമം കൊണ്ടുവരുമ്പോൾ ഒന്നുകിൽ മുൻ നിയമം റദ്ദ് ചെയ്യണം അല്ലെങ്കിൽ മുൻനിയമത്തിന് ഭേദഗതി വരുത്തണം. അതുമല്ലെങ്കിൽ മുൻ നിയമത്തിലെ വ്യവസ്ഥകളെ പുതിയ നിയമം എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കുന്ന 'റദ്ദാക്കലും ഒഴിവാക്കലും' ഈ ബില്ലിൽ

ഉൾപ്പെടുത്തണം. അത്തരമൊരു വ്യവസ്ഥ ഈ ബില്ലിൽ ഇല്ല.

2024-ൽ നിയമസഭ അംഗീകരിച്ച പരിസ്ഥിതി സംരക്ഷണ നിലപാടിനെ ഈ ബിൽ പൂർണ്ണമായും അട്ടിമറിക്കുന്നുണ്ട്. സർക്കാർ ബില്ലിന്റെ അനുബന്ധ പട്ടികയിലെ 8, 9, 10 ഇനങ്ങളിലായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടും, അതിൻപ്രകാരമുള്ള 2008-ലെ ചട്ടങ്ങളിലെ 5, 10 ചട്ടങ്ങളും ഇതിനോടകം തന്നെ അപ്രസക്തമായിത്തീർന്ന 2015-ലെ അനധികൃത നികത്തൽ ക്രമവൽക്കരിക്കൽ ചട്ടങ്ങളും യാതൊരു പരിശോധനയുമില്ലാതെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഭരണഘടനാപരമായ സ്വയംഭരണാവകാശത്തെ ഈ ബിൽ പൂർണ്ണമായും ഇല്ലാതാക്കുന്നു. ബില്ലിന്റെ പട്ടികയിലെ 1, 2, 4, 5, 6, 7 ഇനങ്ങൾ പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും ലൈസൻസിങ്-കെട്ടിട നിർമ്മാണ അനുമതി അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് പൂർണ്ണമായും എടുത്തുമാറ്റി ചീഫ് സെക്രട്ടറിയുടെയും ജില്ലാ കളക്ടറുടെയും

നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ കമ്മിറ്റികൾക്ക് കൈമാറിയിരിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 243G, 243W എന്നിവ വിഭാവനം ചെയ്യുന്ന ജനാധിപത്യ വികേന്ദ്രീകരണ തത്വങ്ങളെ അട്ടിമറിച്ച്, ജനങ്ങളോട് ഉത്തരവാദിത്വമുള്ള തദ്ദേശഭരണ സമിതികളെ പൂർണ്ണമായും നോക്കുകുത്തികളാക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. പട്ടികയിലെ 4, 5 ഇനങ്ങളിൽ പഞ്ചായത്ത്-മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഉൾപ്പെടുത്തിയപ്പോൾ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിനെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. പ്രസ്തുത നിയമത്തിലെ 61-ാം വകുപ്പിനും മാസ്റ്റർ പ്ലാനുകളിലെ സോണിങ് വ്യവസ്ഥകൾക്കും വിരുദ്ധമായി അനുമതി നൽകുന്നതിലേക്ക് കാര്യങ്ങൾ നയിക്കും. മറ്റൊരു കാര്യം, ഭരണഘടനയുടെ അനുച്ഛദം 254 പ്രകാരം കേന്ദ്ര സംസ്ഥാന നിയമങ്ങളുടെ അധികാരപരിധിയിലും ഈ ബിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. 1981-ലെ വായു മലിനീകരണ നിയന്ത്രണ നിയമപ്രകാരം വ്യവസായങ്ങൾക്ക് 'കൺസെന്റ് ടു എസ്റ്റാബ്ലിഷ്', 'കൺസെന്റ് ടു ഓപ്പറേറ്റ് എന്നിവ നൽകാനുള്ള സമ്പൂർണ്ണാധികാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്.

Point of Order

ബില്ലിലെ 15-ാം ഖണ്ഡം കേന്ദ്ര ക്ലിയറൻസുകളെ സംബന്ധിച്ച വ്യവസ്ഥകളെ ഒഴിവാക്കുന്നുണ്ടെങ്കിലും ഖണ്ഡത്തിലെ 'സമ്മതപത്രം' എന്ന നിർവചനവും പരിസ്ഥിതി വകുപ്പ് സെക്രട്ടറിയെ ഉൾപ്പെടുത്തിയതും ഖണ്ഡങ്ങളിലെ അധികപ്രഭാവ വ്യവസ്ഥകളും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Jolly George vs George Elias and Associates എന്ന കേസിൽ വ്യക്തമാക്കിയതുപോലെ, സംസ്ഥാന ഏകജാലക നിയമങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്റ്റാറ്റ്യൂട്ടറി അധികാരത്തിൽ ഇടപെടാൻ കഴിയില്ല എന്നിരിക്കെ, ഇക്കാര്യത്തിൽ വ്യക്തമായ ഒഴിവാക്കൽ ഈ ബില്ലിൽ ഇല്ലാത്തത് ഭാവിയിൽ നിയമപ്രശ്നങ്ങൾക്ക് വഴിവയ്ക്കും. ഇതിനുപുറമെ, നാച്യുറൽ ജസ്റ്റിസിന്റെ ലംഘനമുണ്ട്. പൊതുജന സുരക്ഷയുടെ ലംഘനമായ നിരവധി വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. സംസ്ഥാനതല അംഗീകാര കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാൻ വ്യവസ്ഥയുള്ളത് 50 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികളിൽ പ്രാഥമികമായി തന്നെ തീരുമാനമെടുക്കുന്ന ചീഫ് സെക്രട്ടറി അധ്യക്ഷനായ

സമിതിയെയാണ്. തീരുമാനങ്ങൾക്കെതിരെ യാതൊരു അപ്പീൽ സംവിധാനവും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഒരു വ്യവസായ പദ്ധതി മലിനീകരണംമൂലമോ മറ്റ് ബുദ്ധിമുട്ടുകൾമൂലമോ അനുഭവിക്കുന്ന പ്രദേശവാസികൾക്ക് ഹൈക്കോടതിയെ സമീപിക്കുകയല്ലാതെ നിയമപരമായ മറ്റ് മാർഗങ്ങളില്ല. ഇത് അവരുടെ അവകാശത്തെ പൂർണ്ണമായും നിഷേധിക്കുകയാണ്. ഒരു വ്യവസായ സ്ഥാപനം ഗുരുതരമായ സുരക്ഷാ-പരിസ്ഥിതി നിയമലംഘനം നടത്തിയാൽപോലും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് ആ ലൈസൻസ് അടിയന്തരമായി സസ്പെൻഡ് ചെയ്യാൻ അധികാരമില്ല. ചട്ടം 73 പ്രകാരം ഈ ബില്ലിനോടൊപ്പം സമർപ്പിച്ചിട്ടുള്ള ധനകാര്യ മെമ്മോറാണ്ടത്തിലെ ആദ്യവാചകത്തിൽ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ....(ബഹളം)

മി. സ്പീക്കർ: ക്രമപ്രശ്നമായതിനാൽ അദ്ദേഹം ബില്ലിന്റെ അവതരണത്തെ ഒബ്ജക്ട് ചെയ്തുകൊണ്ട് സംസാരിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഒരു ബിൽ നിയമമാക്കുമ്പോൾ, അത് കൊണ്ടുവരുന്ന വേളയിൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു

അധികച്ചെലവും ഇല്ലെന്ന് പറയുകയും പിന്നീട് ചെലവുണ്ടാകാൻ സാധ്യതയുണ്ടെന്ന് പരസ്പരവിരുദ്ധമായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആവർത്തനസ്വഭാവമുള്ളതും അല്ലാത്തതുമായ ചെലവുകൾ എത്രയാണെന്ന് കൃത്യമായി കണക്കാക്കിയുള്ള എസ്റ്റിമേറ്റ് സഭയെ അറിയിക്കണമെന്ന ചട്ടം 73-ലെ നിർബന്ധിത വ്യവസ്ഥയെ മറികടക്കാനാണ് ഇത്തരമൊരു പരസ്പരവിരുദ്ധമായ പ്രസ്താവന നടത്തിയിരിക്കുന്നത്. നിർദിഷ്ട ബില്ലിലെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന 19 ആക്ടുകളും സ്പെഷ്യൽ ആക്ടുകളായതിനാൽ ഇവ ഒരുമിച്ച് 2026-ലെ സരൾ ബില്ലിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്താൻ കഴിയില്ല. ഓരോ ബില്ലും പ്രത്യേകമായോ അല്ലെങ്കിൽ മണി ബില്ലിന്റെ ഭാഗമായോ മാത്രമേ ഭേദഗതി വരുത്താൻ കഴിയൂ. ആയതിനാൽ നിലവിലെ ബിൽ നിയമപരമായി നിലനിൽക്കാൻ സാധ്യതയില്ല. മേല്പറഞ്ഞ ഗൗരവതരമായ ഭരണഘടനാ നിയമനടപടിക്രമങ്ങൾ പരിഗണിച്ച് ഈ സഭ പാസ്സാക്കിയ 2025-ലെ 15-ാം ആക്ട്, 2024-ലെ 26-ാം ആക്ട് എന്നിവയുമായി നേരിട്ടുള്ള വൈരുധ്യവും ഭരണഘടനയുടെ ഒൻപതാം ഭാഗത്തിന്റെ അനുച്ഛേദം 254-ന്റെ ലംഘനവും

Point of Order

നിയമസഭാ നടപടിക്രമ ചട്ടങ്ങളിലെ 69(1), 70(1), 71, 73, 74 എന്നിവയുടെ ലംഘനവും കാരണം 2026-ലെ 19-ാം നമ്പർ ബില്ലിന്മേലുള്ള തുടർനടപടികൾ നിർത്തിവയ്ക്കാൻ ഉത്തരവിടണമെന്ന് അപേക്ഷിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രസ്തുത ഒബ്ജക്ഷനുകളൊന്നും നിലനിൽക്കുന്നതല്ല. നിർദിഷ്ട നിയമം മറ്റൊരു നിയമത്തിനും വിരുദ്ധമായിട്ടുള്ളതല്ല. സംസ്ഥാനത്ത് നിലവിലുള്ള നിയമത്തിന്റെ ഒരു ഇമ്പ്രൂവ്മെന്റ് മാത്രമാണിത്. സംസ്ഥാനത്തെ സിംഗിൾ വിൻഡോ ക്ലിയറൻസിന് നിയമപ്രാബല്യം നൽകുന്നതാണ് 'സിംപ്ലിഫൈഡ് ആൻഡ് ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്' ബിൽ. ഏതു നിയമവും പരിഷ്കരിക്കുമ്പോൾ അതിലുണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കപ്പെടുമെന്നത് എല്ലാവർക്കും അറിയാവുന്നതാണ്.

വ്യവസായവൽക്കരണത്തിന്റെ പാതയിൽ സംസ്ഥാനത്തുള്ള നിയമങ്ങൾ ധാരാളം പ്രശ്നങ്ങളുണ്ടാക്കുന്നതിനെതുടർന്നാണ് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും നഗരപ്രദേശ

വികസനവും നിയമം 2024-ലും 2025-ലും പരിഷ്കരിച്ചത്. അതേ ബില്ലിന്റെ ഒരു പരിഷ്കരണം മാത്രമാണിത്. ഈ ബിൽ ഒരുതരത്തിലും മുമ്പുണ്ടായിരുന്ന ഒരു ബില്ലിനും എതിരോ പകരമോ വൈരുദ്ധ്യമോ ആകുന്നില്ല; ഇതിന്റെ ഇമ്പ്രൂവ്മെന്റ് മാത്രമാണ്.

ഈ ബിൽ പല നിയമങ്ങളെയും മറികടക്കുന്നുവെന്നാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത ബിൽ ഒരു നിയമത്തെയും മറികടക്കുകയോ ഒരു അധികാരത്തെയും ഇല്ലാതാക്കുകയോ ചെയ്യുന്നില്ല. നിശ്ചിത സമയത്തിനകം ഇൻവെസ്റ്റ്മെന്റിന് ഒരാൾ അപേക്ഷിച്ചാൽ അത് കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. ആയത് പഞ്ചായത്തിനും ബാക്കിയുള്ള എല്ലാ അതോറിറ്റിക്കും പരിശോധിക്കാവുന്നതാണ്. ഓൺലൈൻ/സിംഗിൾ വിൻഡോ/ നേരിട്ടോ മുഖാന്തരം ഒരു അപേക്ഷ ലഭ്യമാകുമ്പോൾ അതോറിറ്റി ബന്ധപ്പെട്ട വകുപ്പിന് പരിശോധനയ്ക്കായി നൽകുകയും അപേക്ഷ ലഭിച്ച് പരമാവധി 75 ദിവസത്തിനകംതന്നെ അപ്രൂവൽ നൽകുകയും വേണം. ഈ നിയമപ്രകാരം അപേക്ഷകൾ വച്ച് താമസിപ്പിക്കാൻ കഴിയില്ല.

Point of Order

മുമ്പ്, എൽ.ഡി.എഫ്. സർക്കാർ പാസ്സാക്കിയ നിയമമാണെങ്കിൽ, ഒരു സിംഗിൾ വിൻഡോയിലൂടെ ലഭിക്കുന്ന അപേക്ഷ പിന്നീട് പലയിടങ്ങളിലേക്ക് അയയ്ക്കുകയാണ്. ഒരു വിൻഡോയിലൂടെ പോയി പല വിൻഡോകളിലേക്ക് എത്തുന്ന രീതിയെയാണ് എല്ലാവരും വിമർശിച്ചത്. അത് അവസാനിപ്പിക്കാൻ വേണ്ടിയുള്ള 'സ്റ്റാറ്റ്യൂട്ടറി അതോറിട്ടി' എന്ന വിപ്ലവകരമായ നിയമമാണിതെന്ന് പറയാം. One State, One Approval, One Document (ഒരു സംസ്ഥാനം, ഒരു അനുമതി, ഒരു രേഖ) എന്ന ഫൈനലായിട്ടുള്ള റവല്യൂഷണറി പൊസിഷനിലേക്ക് സർക്കാർ വന്നിരിക്കുകയാണ്.

ക്രമപ്രശ്നത്തിൽ ഉന്നയിച്ചതുപോലുള്ള യാതൊരു വിഷയവും ഈ ബില്ലിൽ ഇല്ലാത്തതിനാൽ നെൽവയൽ-തണ്ണീർത്തട നിയമങ്ങൾ നോക്കിക്കാണുന്നതു പോലെ ഇതിനെയും കാണാം. നിലവിലുള്ള നിയമമനുസരിച്ച് മാത്രം പോയാൽ, യാതൊരുവിധ പ്രശ്നവുമില്ല. നിശ്ചിത സമയത്തിനകം നിലവിലുള്ള നിയമം പാലിച്ചുമാത്രം കൊടുത്താൽ മതിയാകും. ജില്ലാതല അതോറിറ്റിയിൽ ജില്ലാ കളക്ടറുൾപ്പെടെ എല്ലാ

ഡിപ്പാർട്ട്മെന്റും അതിലുൾപ്പെടും. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പുസെക്രട്ടറിമാരും ഉൾപ്പെടുന്നുണ്ട്. അപേക്ഷ ലഭിച്ച് 75 ദിവസത്തിനകം അപ്രൂവൽ നൽകണം. നമുക്കറിയാം, ഇൻവെസ്റ്റ്മെന്റിനെ സംബന്ധിച്ചിടത്തോളം കേരളം വലിയൊരു ഹോട്ട്സ്പോട്ടായി മാറിയിരിക്കുകയാണ്. നേരത്തെയുള്ള സ്ഥിതിയല്ല, എല്ലാ ഇൻവെസ്റ്റേഴ്സിനും ആവശ്യമുള്ള ഒരു സ്റ്റേറ്റായി കേരളം മാറിയിരിക്കുകയാണ്. ആഗോള സാഹചര്യം പരിശോധിക്കുമ്പോൾ കേരളത്തിലെ procedural irregularity, തടസ്സങ്ങൾ മാറ്റേണ്ടതുണ്ട്. ആ നിർദേശം വച്ചുകൊണ്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി അതോറിട്ടിയാണ്. 50 കോടി രൂപയ്ക്ക് മുകളിലുള്ളവ സംസ്ഥാനതലത്തിലും 25 കോടി രൂപയ്ക്ക് മുകളിലുള്ളവ ജില്ലാതലത്തിലും എന്നുള്ള എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടുപോകുന്ന ഒരു നിയമമാണിത്. അതുകൊണ്ട് ഈ നിയമം ഒരു നിയമത്തെയും ബൈപ്പാസ് ചെയ്യുന്നില്ലെന്ന് ഞാൻ ആവർത്തിച്ചുപറയുകയാണ്.

ഈ ബിൽ മുഴുവനായി വായിച്ചുനോക്കിയാൽ ഇതിന്റെ ഉദ്ദേശ്യങ്ങൾ മനസ്സിലാകും. ഇതുവരെയുള്ള പോരായ്മ നികത്താൻ വേണ്ടിയാണ് ഈ ബിൽ

സ്റ്റാറ്റ്യൂട്ടറി അതോറിട്ടിയായി കൊണ്ടുവരുന്നത്. അപ്രൂവൽ കൊടുക്കുന്നതിന് ഒരു നിയമമുണ്ടാക്കിയശേഷം ആയത് നടപ്പിലാകുന്നില്ലെന്ന് ഇനിയാരും വിമർശിക്കരുത്, അതിനുവേണ്ടിയുള്ള ഒരു പെർഫെക്ട് നിയമമാണിത്. ധനകാര്യ മെമ്മോറാണ്ടത്തിൽ 5 കോടിരൂപ പ്രാരംഭഘട്ടത്തിനും റിക്കറിങ് ചെലവുകൾക്ക് 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അതിനാൽ ഈ പറഞ്ഞ ഒരു ഒബ്ജക്ഷനും നിലനിൽക്കുന്നില്ല.

കാര്യോപദേശക സമിതിയുടെ തീരുമാനപ്രകാരമാണ് പ്രസ്തുത ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നത്. മേല്പറഞ്ഞ ഒബ്ജക്ഷനുകൾ നിലനിൽക്കുന്നതല്ല.